# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5177 30.06.2014 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണത്തിന് അടിയന്തര നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ; | (എ) വ്യക്തമായ രേഖകളോടൊപ്പം ലഭ്യമാക്കുന്നഅപേക്ഷകളിന്മേൽ ഉടനടി നടപടി സ്വീകരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു. |
| (ബി) നിലവിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) നിലവിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) |
| 3 | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും) |
| 4 | മരണം | 3 ലക്ഷം രൂപ |
| 5 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

| | |
|---|---|
| (സി) ഇത്തരത്തിൽ അപകടം സംഭവിച്ചവർക്ക് ചികിത്സാചെലവിനോടൊപ്പം ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ, നഷ്ടമായ വേതനം കൂടി ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കാത്തതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ